"ചെക്ക് പോസ്റ്റ് പരിശോധന"

113 (3622) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വകുപ്പിന്റെ ചെക്ക് പോസ്റ്റ് പരിശോധന കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിലെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ E-declaration സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും പോകുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരം PIN/TIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message SMS ആയി ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ നിരന്തരമായി ഓവർ ചെക്കിങ്ങും ടേക്ക് ഓവറും നടത്തിവരുന്നു.

അമരവിള സംയോജിത ചെക്ക്പോസ്റ്റ് നടപ്പിലാക്കിയതുപോലെ മറ്റു പ്രധാന ചെക്ക് പോസ്റ്റുകളിലും സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) പ്രസ്തുത സംവിധാനങ്ങൾ വഴി ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന സുഗമമാക്കുന്നതിനും ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്താനെടുത്തിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും സാധിക്കുന്നു. സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ആട്ടോമാറ്റിക്കായി ഡീലർമാരുടെ ഫോൾഡറിൽ വരുമെന്നതിനാൽ നികുതി നിർണ്ണയ അധികാരിക്ക് വ്യാപാരി ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് പരമാവധി തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.
GPM. 2/235/2020-25

LIBRARY ARCHIVES Kerala Legislative Assembly